"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

നികുതി വകുപ്പ് - രജിസ്ട്രേഷൻ - ജീവനക്കാര്യം - ദക്ഷിണ മദ്ധ്യമേഖലാ രജിസ്ട്രേഷൻ ഡി.ഐ.ജി. ഓഫീസിലെ ക്ലർക്ക് ശ്രീമതി.ദേവിക ഗിരീഷിന് പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

നികുതി (ഇ) വകുപ്പ്

സ.ഉ.(സാധാ) നം.313/2024/TAXES തീയതി,തിരുവനന്തപുരം, 01-04-2024

---

പരാമർശം:- 1. ശ്രീമതി.ദേവിക ഗിരീഷിന്റെ 23/09/2023-ലെ അപേക്ഷ.

2. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 11/12/2023-ലെ ഐജിആർ/4968/2023-ഇ5 നമ്പർ കത്ത്.

**ഉത്തരവ്**

23/09/2023-ന് ദക്ഷിണ മദ്ധ്യമേഖലാ രജിസ്ട്രേഷൻ രജിസ്ട്രേഷൻ ഡി.ഐ.ജി. ഓഫീസിൽ ക്ലർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി.ദേവിക ഗിരീഷ് നിലവിൽ എം.എസ്.സി ക്ലിനിക്കൽ സൈക്കോളജി കോഴ്സിന് പഠിക്കുകയാണെന്നും ആയത് പൂർത്തീകരിക്കുന്നതിനായി 24/09/2023 മുതൽ 31/05/2025 വരെ Appendix 12 B പ്രകാരം ശൂന്യവേതനാവധി അനുവദിക്കണമെന്നും ആവശ്യപ്പെട്ട് പരാമർശം (1) പ്രകാരം ടിയാൾ സമർപ്പിച്ച അപേക്ഷയും അനുബന്ധരേഖകളും, പരാമർശം (2) പ്രകാരം ശിപാർശ ചെയ്ത് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ലഭ്യമാക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി.ദേവിക ഗിരീഷിന് 24/09/2023 മുതൽ 31/05/2025 വരെ കെ.എസ്.ആർ ഭാഗം I, അനുബന്ധം XII-B-യിലെ വ്യവസ്ഥകൾക്ക് വിധേയമായി പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷജില എസ്

ഡെപ്യൂട്ടി സെക്രട്ടറി

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, തിരുവനന്തപുരം.

ശ്രീമതി.ദേവിക ഗിരീഷ്, ക്ലർക്ക്, ദക്ഷിണ മദ്ധ്യമേഖലാ രജിസ്ട്രേഷൻ ഡി.ഐ.ജി. ഓഫീസ് (രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ മുഖേന.)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.

വെബ്ബ് & ന്യൂ മീഡിയ (സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Praneesh M P

Date: 01-04-2024 12:59:37